# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 654

07.01.2014-ലെ മറുപടിയ്ക്ക്

# റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക്

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**മറുപടി**

ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

എ) റാന്നിയിൽ സ്ഥാപിക്കാനുദ്ദേശിച്ച കിൻഫ്രയുടെ അപ്പാരൽ പാർക്കിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നത്;

ബി) അപ്പാരൽ പാർക്കിന്റെ നിർമ്മാണത്തിനായി എത്ര ഏക്കർ വസ്തുവാണ് പാട്ടവ്യവസ്ഥയിൽ കിൻഫ്രയ്ക്ക് കൈമാറിയിട്ടുള്ളത്; ഇതിന്റെ വാർഷിക പാട്ടത്തുക എത്രയാണ്; ഏതൊക്കെ വർഷങ്ങളിൽ പാട്ടത്തുക അടച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഏതെങ്കിലും വർഷത്തെ പാട്ടത്തുക അടയ്ക്കാനായി കുടിശ്ശിക യായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതുവർഷത്തെ; കുടിശ്ശികയായതിനുള്ള കാരണം വിശദമാക്കാമോ;

(എ) + (ബി)
റാന്നി താലൂക്കിലെ റാന്നി വില്ലേജിൽപ്പെട്ട സർവ്വെ നം. 517/pt-I-ൽ വരുന്നതുമായ 1.40558 ഏക്കർ ഭൂമി 30 വർഷത്തെ പാട്ട വ്യവസ്ഥയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് കൈമാറി ഉത്തരവായിരുന്നു. ഇതിന്റെ വാർഷികപാട്ടത്തുക 24,856/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. 2010-11, 2011-12, 2012-13 വർഷങ്ങളിൽ കിൻഫ്ര പാട്ടത്തുക അടച്ചിട്ടുണ്ട്. ഈ ഇനത്തിൽ കുടിശ്ശിക ഒന്നുമില്ല.

സി) അപ്പാരൽ പാർക്കിന്റെ നിർമ്മാണ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; ഈ സർക്കാർ അധികാരമേറ്റശേഷം റാന്നിയിലെ കിൻഫ്രയുടെ ഈ സ്ഥലം ഉപയോഗപ്പെടുത്തി അപ്പാരൽ പാർക്കിന്റെ നിർമ്മാണം നടത്തുന്നതിനോ, അതു സാധ്യമല്ലെങ്കിൽ, മറ്റേതെങ്കിലും വ്യവസായ പദ്ധതി നടപ്പാക്കുന്നതിനോ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

സി) റൂറൽ അപ്പാരൽ പാർക്കിനുവേണ്ടി ഫണ്ട് ലഭ്യമാകാത്തതിനാലാണ് നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുവാൻ കഴിയാതെ വന്നത്. തുടർന്ന്, കേരളത്തിൽ നിലവിലുള്ള സാധ്യതകൾ വിലയിരുത്തി കൂടുതൽ റൂറൽ അപ്പാരൽ പാർക്കുകൾ നിർമ്മിക്കപ്പെടേണ്ടതില്ല എന്നും അതിനു പകരമായി കൂടുതൽ സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറികൾ നിർമ്മിക്കപ്പെടേണ്ടതുണ്ട് എന്നുമുള്ള സർക്കാരിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് ഒരു സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കാനുള്ള സാധ്യതകൾ വിലയിരുത്തി മുന്നോട്ടുപോകാൻ 22.03.2013-ൽ കൂടിയ കിൻഫ്രാ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | ഈ സ്ഥലം ഉപയോഗപ്പെടുത്തി വ്യവസായ വികസനം നടപ്പിലാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | ഡി) | വ്യവസായ വികസനത്തിന് ഉതകുന്ന രീതിയിലുള്ള ഒരു പദ്ധതി നടപ്പിലാക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. പദ്ധതിക്കാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനും വ്യവസായ സംരംഭകരിൽനിന്ന് വ്യക്തമായ പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**